compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 സെപ്റ്റംബർ 30
Tuesday, 30th September 2025

1201 കന്നി 14
14th Kanni 1201

1947 ആശ്വിനം 8
8th Aswina 1947

വാല്യം 14
Vol. XIV

നമ്പർ **39**
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGNTA/1230/2025-UI(5). 2025 സെപ്റ്റംബർ 15.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 5-4-2023 തീയതിയിലെ JRGTVM/538/2023-AEL നമ്പർ ഉത്തരവ് പ്രകാരം പൂവാർ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1162-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ 2 മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം യാതൊരുവിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ—പൂവാർ കൺസ്യൂമർ
സഹകരണ സംഘം ക്ലിപ്തം
നമ്പർ റ്റി 1161/വിഴിഞ്ഞം
യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
നെയ്യാറ്റിൻകര.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGNTA/1527/2024-UI(5). 2025 സെപ്റ്റംബർ 15.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 24-8-2025 തീയതിയിലെ JRGTVM/2655/2024-AEL നമ്പർ ഉത്തരവ് പ്രകാരം വളവുനട ആയുർവേദിക് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1442-ന്റെ ലികിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ രണ്ട് മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലികിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരുവിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലികിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു കൊള്ളുന്നു.

(ഒപ്പ്)

ലികിഡേറ്റർ—വളവുനട ആയുർവേദിക്
സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1442/
വിഴിഞ്ഞം യൂണിറ്റ് ഇൻസ്പെക്ടർ.

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, നെയ്യാറ്റിൻകര.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ UI(3)/2855(3)/2025. 2025 സെപ്റ്റംബർ 15.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 24-8-2025-ലെ jrgtvm/824/2025/ael-ാം നമ്പർ ഉത്തരവ് പ്രകാരം വി. റ്റി. എം. എൻ. എസ്. എസ്. കോളേജ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 259-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ രണ്ട് മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരുവിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ/
നെയ്യാറ്റിൻകര യൂണിറ്റ് ഇൻസ്പെക്ടർ
വി. റ്റി. എം. എൻ. എസ്. എസ്. കോളേജ്
സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 259,
നെയ്യാറ്റിൻകര യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, നെയ്യാറ്റിൻകര.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: സുരേഷ് കുമാർ, റ്റി.)

നമ്പർ JRGKLM/2934/2025/AEL. 2025 സെപ്റ്റംബർ 9.

വിഷയം :—സഹകരണ വകുപ്പ്—ക്യു. 1476 കരവാളൂർ റൂറൽ സഹകരണ സംഘത്തിന്റെ പ്രവർത്തനം സഹകരണ നിയമം 71 (2) ബി പ്രകാരം സമാപ്തീകരിക്കുന്നത്—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) പുനലൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ 31-3-2025-ലെ 66(1) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട്.

(2) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പുനലൂരിന്റെ 8-7-2025 ARGPNR/58/2025 നമ്പർ കത്ത്.

ക്യു. 1476 കരവാളൂർ റൂറൽ സഹകരണ സംഘം (ക്ലിപ്തം)-ത്തെ സമാപ്തീകരിക്കുന്നതിന് സൂചന (1) പ്രകാരമുള്ള പുനലൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ 31-3-2025-ലെ സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (പുനലൂർ) ശുപാർശ ചെയ്തിരിക്കുന്നു. ടി സംഘത്തിന്റെ 2023-2024 ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം ₹ 23,300-ം നിക്ഷേപ ബാക്കി നിൽപ്പ് ₹ 5,35,259-ം ബാധ്യത ഇനത്തിൽ സംഘത്തിലുണ്ട്. വായ്പ ഇനത്തിൽ ₹ 21,800-ം കിട്ടാനുണ്ട്. കേരള ബാങ്കിൽ ₹ 10,704.27 നിക്ഷേപ ബാക്കി നിൽപ്പുണ്ട് ആഡിറ്റ് ഫീ ₹ 27,624 അഫിലിയേഷൻ ഫീസ് ₹ 4,050 എന്നിവ അടയ്ക്കാൻ ബാക്കി നിൽപ്പുണ്ട്. കേരള ബാങ്ക് കരവാളൂർ ശാഖയിൽ നിന്ന് ലഭിച്ച സ്ഥിരീകരണ കത്തിൽ ₹ 10,922.27 ബാക്കി നിൽപ്പുണ്ട്. നിലവിൽ സംഘം പ്രവർത്തനങ്ങൾ സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമാകാത്ത സാഹചര്യത്തിലും സംഘം പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിലും അംഗങ്ങളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലും ടി സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 (2) ബി വകുപ്പ് പ്രകാരം സമാപ്തീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പുനലൂർ ശുപാർശ ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ക്യു. 1476 കരവാളൂർ റൂറൽ സഹകരണ സംഘം (ക്ലിപ്തം)-ത്തിന്റെ ആസ്തി ബാധ്യതകൾ നിർണ്ണയിച്ച് സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് പുനലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പുനലൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഒപ്പ്)
ഓഫീസ്, കൊല്ലം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

(1)

നമ്പർ MKD 1700/2004. 2025 സെപ്റ്റംബർ 2.

ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 2-6-2005 തീയതിയിലെ AEL/3329/2005 നമ്പർ ഉത്തരവ് പ്രകാരം കാലടി വനിത ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1128-ന്റെ പ്രവർത്തനം സമാപ്തീകരിക്കുവാൻ തിരുവനന്തപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മണക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു. ടി സംഘത്തിൽ നിന്നും ഏതെങ്കിലും വ്യക്തികൾക്ക് തുകയോ മറ്റ് ആസ്തികളോ ലഭിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം മണക്കാട് യൂണിറ്റ് ഇൻസ്പെക്ടർ/ ലിക്വിഡേറ്ററുടെ ആഫീസായ തിരുവനന്തപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന വിവരം എല്ലാവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. സമയപരിധി അവസാനിച്ചതിനു ശേഷമുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ല എന്ന വിവരവും പ്രത്യേകം അറിയിക്കുന്നു.

(2)

നമ്പർ MKD 1700/2004. 2025 സെപ്റ്റംബർ 2.

ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 25-7-2014 തീയതിയിലെ AEL/7027/2014 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം അൺ-എംപ്ലോയീസ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1216-ന്റെ പ്രവർത്തനം സമാപ്തീകരിക്കുവാൻ തിരുവനന്തപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മണക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു. ടി സംഘത്തിൽ നിന്നും ഏതെങ്കിലും വ്യക്തികൾക്ക് തുകയോ മറ്റ് ആസ്തികളോ ലഭിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം മണക്കാട് യൂണിറ്റ് ഇൻസ്പെക്ടർ/ലിക്വിഡേറ്ററുടെ ആഫീസായ തിരുവനന്തപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന വിവരം എല്ലാവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. സമയപരിധി അവസാനിച്ചതിനു ശേഷമുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ല എന്ന വിവരവും പ്രത്യേകം അറിയിക്കുന്നു.

(3)

നമ്പർ MKD 1700/2004. 2025 സെപ്റ്റംബർ 2.

ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 17-6-2006 തീയതിയിലെ AEL/251/2006 നമ്പർ ഉത്തരവ് പ്രകാരം മെട്രോപൊളിട്ടൻ എഞ്ചിനീയറിംഗ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1269-ന്റെ പ്രവർത്തനം സമാപ്തീകരിക്കുവാൻ തിരുവനന്തപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മണക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു. ടി സംഘത്തിൽ നിന്നും ഏതെങ്കിലും വ്യക്തികൾക്ക് തുകയോ മറ്റ് ആസ്തികളോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലഭിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം മണക്കാട് യൂണിറ്റ് ഇൻസ്പെക്ടർ/ലിക്വിഡേറ്ററുടെ ആഫീസായ തിരുവനന്തപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന വിവരം എല്ലാവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. സമയപരിധി അവസാനിച്ചതിനു ശേഷമുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ല എന്ന വിവരവും പ്രത്യേകം അറിയിക്കുന്നു.

(4)

നമ്പർ MKD 1700/2004. 2025 സെപ്റ്റംബർ 2.

ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 21-7-2004 തീയതിയിലെ AEL/5813/2004 നമ്പർ ഉത്തരവ് പ്രകാരം സിവിൽ ഏവിയേഷൻ ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 457-ന്റെ പ്രവർത്തനം സമാപ്തീകരിക്കുവാൻ തിരുവനന്തപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മണക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു. ടി സംഘത്തിൽ നിന്നും ഏതെങ്കിലും വ്യക്തികൾക്ക് തുകയോ മറ്റ് ആസ്തികളോ ലഭിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം മണക്കാട് യൂണിറ്റ് ഇൻസ്പെക്ടർ/ലിക്വിഡേറ്ററുടെ ആഫീസായ തിരുവനന്തപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന വിവരം എല്ലാവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. സമയപരിധി അവസാനിച്ചതിനു ശേഷമുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ല എന്ന വിവരവും പ്രത്യേകം അറിയിക്കുന്നു.

(ഒപ്പ്)

അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, തിരുവനന്തപുരം.

ലിക്വിഡേറ്റർ/
മണക്കാട് യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീമതി ബിന്ദു, എസ്.)

(1)

നമ്പർ JRGPTA/1420/2025-AEL. 2025 സെപ്റ്റംബർ 3.

വിഷയം :—ഇലന്തൂർ ബ്ലോക്ക് മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT 217—അന്തിമ സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം : (1) ഈ ആഫീസിലെ 29-3-2016-ലെ എസ്.സി.റ്റി.എം 3600/15-ാം നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 20-10-2022-ലെ AEL 2337/2020-ാം നമ്പർ ഉത്തരവ്.

(3) ലിക്വിഡേറ്ററുടെ 31-5-2025-ലെ 1-ാം നമ്പർ തീരുമാനം.

(4) ലിക്വിഡേറ്ററുടെ 31-5-2025-ലെ കത്ത്.

(5) കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാറുടെ 1-6-2025-ലെ ARGKZY/718/2022—UI(2)-ാം നമ്പർ കത്ത്.

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഇലന്തൂർ ബ്ളോക്ക് മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT217-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ബാദ്ധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയത് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ടുകെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സർക്കാർ ബാദ്ധ്യതകൾ ഒന്നും തീർക്കാൻ ഇല്ല. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73 (3) ന് വിധേയമായ റിപ്പോർട്ട് സഹിതം പരാമർശം (3), (4) പ്രകാരം കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ലിക്വിഡേറ്റർ തീരുമാനം എടുത്ത് അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ച് കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ശുപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഇലന്തൂർ ബ്ളോക്ക് മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT 217-ന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽ നിന്നു നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സഹകരണ ചട്ടം 74-ൽ നിഷ്കർഷിച്ചിരിക്കുന്നവിധം ടി സംഘത്തിന്റെ റിക്കോർഡുകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്.

(2)

നമ്പർ JRGPTA/1410/2025/AEL. 2025 സെപ്റ്റംബർ 3.

വിഷയം :—കോന്നി ബ്ളോക്ക് വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT 16—അന്തിമ സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) ഈ ആഫീസിലെ 24-6-2003-ലെ AEL 2636/02-ാം നമ്പർ ഉത്തരവ്

(2) ഈ ആഫീസിലെ 22-2-2021-ലെ AEL 14/2021-ാം നമ്പർ ഉത്തരവ്

(3) ലിക്വിഡേറ്ററുടെ 3-8-2025-ലെ 1-ാം നമ്പർ തീരുമാനം

(4) ലിക്വിഡേറ്ററുടെ 14-8-2025-ലെ കത്ത്

(5) കോന്നി അസിസ്റ്റന്റ് രജിസ്ട്രാറുടെ 19-8-2025-ലെ ARGKNI/83/2024—UI(2)-ാം നമ്പർ കത്ത്.

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ കോന്നി ആസ്ഥാനമാക്കി പ്രവർത്തന പരിധി കോന്നി ബ്ലോക്ക് ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കോന്നി ബ്ലോക്ക് വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT 16-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2) -ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ബാദ്ധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും, കണ്ടുകെട്ടുന്നതിനും ലീക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയത് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും, കണ്ടുകെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സർക്കാർ ബാദ്ധ്യതകൾ ഒന്നും തീർക്കാൻ ഇല്ല. അന്തിമ പൊതുയോഗം ലിക്സിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73 (3) ന് വിധേയമായ റിപ്പോർട്ട് സഹിതം പരാമർശം (3),(4) പ്രകാരം കോന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ലിക്വിഡേറ്റർ തീരുമാനം എടുത്ത് അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച് കോന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ശുപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ കോന്നി ആസ്ഥാനമാക്കി പ്രവർത്തന പരിധി കോന്നി ബ്ലോക്ക് ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കോന്നി ബ്ലോക്ക് വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT 16-ന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം ലിക്വിഡേറ്ററുടെ പേരിൽ പത്തനംതിട്ട ജില്ല സഹകരണ വകുപ്പ് ജീവനക്കാരുടെ സഹകരണ സംഘം പി.റ്റി.25-ൽ ആരംഭിച്ച SB 238 എന്ന നമ്പർ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയായ ₹6040 ന്റെ വിനിയോഗം ചട്ടം 69(10)(1) പ്രകാരം മൂന്ന് വർഷ കാലയളവിലേക്ക് ലിക്വിഡേറ്ററുടെ പേരിൽ തന്നെയുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും മൂന്നു വർഷ കാലയളവിനു ശേഷം കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റുന്നതിനും, ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണെന്ന് നിർദ്ദേശിക്കുന്നു.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ടെ കാര്യാലയം, (ഒപ്പ്)
പത്തനംതിട്ട. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം
(ഹാജർ: ശ്രീമതി ലളിതാംബിക ദേവി, വി. എസ്.)

നമ്പർ JRGPTA/552/2025-AEL. 2025 ജൂൺ 3.

വിഷയം :—റാന്നി റേഞ്ച് കള്ള് ചെത്ത് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ പിറ്റി 176—അന്തിമസമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ആഫീസിലെ 9-7-2018-ലെ എസ്.സി.റ്റി.എം 2964/2018-ാം നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 7-1-2023-ലെ എ.ഇ.എൽ 1305/2021-ാം നമ്പർ ഉത്തരവ്.

(3) ലിക്വിഡേറ്ററുടെ 1-5-2024-ലെ 1-ാം നമ്പർ തീരുമാനം.

(4) റാന്നി അസിസ്റ്റന്റ് രജിസ്ട്രാറുടെ 3-6-2025-ലെ ARGRNI/30/14-ാം നമ്പർ കത്ത്.

റാന്നി റേഞ്ച് കള്ള് ചെത്ത് തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം) നമ്പർ പിറ്റി 176-നെ ഈ ആഫീസിലെ സൂചന (1) ഉത്തരവ് പ്രകാരം സമാപ്തീകരണത്തിനായി റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ വടശ്ശേരിക്കര യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചിരുന്നു. ലിക്വിഡേറ്റർ 31-8-2018-ൽ ചാർജ്ജ് ഏറ്റെടുത്തിട്ടുണ്ട്. സംഘത്തിന്റെ അന്തിമപൊതുയോഗം 5-7-2023-ൽ വിളിച്ചുചേർത്തു ആസ്തിബാധ്യതകൾ എഴുതിതള്ളിയ ഉത്തരവ് അംഗീകരിക്കുകയും രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റർ ചാർജ്ജ് ഏറ്റെടുത്ത തീയതിയിലെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, സമാപ്തീകരണം പൂർത്തീകരിക്കുന്നതിനുള്ള തീരുമാനം എന്നിവയും പൊതുയോഗം തീരുമാനമെടുത്ത് പാസ്സാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംഘത്തിന്റെ സമാപ്തീകരണം പൂർത്തീകരിച്ച് സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദുചെയ്യുന്നതിന് സൂചന(4) പ്രകാരം റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. സംഘത്തിന്റെ അന്തിമ സമാപ്തീകരണം നടത്തികൊണ്ടുള്ള ലിക്വിഡേറ്ററുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുത്ത തീയതിയിലെ ബാക്കിപത്രം താഴെ പറയും പ്രകാരമാണ്.

ബാധ്യത	തുക	ആസ്തി	തുക
	₹		₹
ഷെയർ ക്യാപ്പിറ്റൽ	87,000.00	ക്യാഷ് അറ്റ് ബാങ്ക്	20,295.00
തേയ്മാന ഫണ്ട്	4,050.00	ഫർണീച്ചർ	4,050.00
ഫർണിച്ചർ നഷ്ടം	1,025.00	സംഘത്തിന് കിട്ടുവാനുള്ളത്	5,87,035.00
സംഘം കൊടുക്കുവാനുള്ളത്	14,359.50	അറ്റ നഷ്ടം	1,09,745.50
അഫിലിയേഷൻ ഫീസ്	7,100.00		
ആഡിറ്റ് ഫീസ്	20,556.00		
കിട്ടാക്കടവും സംശയാസ്പദമായ കടവും	5,87,035.00		
ആകെ	7,21,125.50	ആകെ	7,21,125.50

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന് നിയമാനുസൃതം കിട്ടാനുള്ള മുതലുകൾ സമാഹരിക്കുന്നതിനും ബാധ്യതകൾ കൊടുത്തുതീർക്കുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. സംഘത്തിന് ഈടാക്കുവാൻ കഴിയാത്ത മുതലുകൾ എഴുതിതള്ളുന്നതിനും കൊടുത്തുതീർക്കാൻ കഴിയാത്ത ബാധ്യതകൾ കണ്ടുകെട്ടുന്നതിനും സൂചന (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം കേരള ബാങ്ക് റാന്നി ശാഖയിലുള്ള ലിക്വിഡേറ്ററുടെ പേരിലുള്ള 400510101007972 എന്ന അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക ഉപയോഗിച്ച് അഫിലിയേഷൻ ഫീസ് അടച്ചിട്ടുള്ളതും, ടി അക്കൗണ്ടിൽ തുക ഇല്ലാത്തതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതായും സൂചന (4) പ്രകാരം റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ വരവ്-ചെലവ് കണക്ക്, ബാക്കി പത്രം എന്നിവ ചുവടെ ചേർക്കുന്നു.

വരവ്-ചിലവ് കണക്ക്

വരവ്	തുക ₹	ചെലവ്	തുക ₹
Bank withdrawl	21,221.00	Audit Fees	20,556.00
Bank Interest Received	926.00	Affiliation Fees	547.00
		Bank Charges	118.00
		Bank Deposit	926.00
Total	22,147.00	Total	22,147.00
Opening Balance	0.00	Closing Balance	0.00
Grand Total	22,147.00	Grand Total	22,147.00

ബാക്കിപത്രം

ബാധ്യത	തുക ₹	ആസ്തി	തുക ₹
ഷെയർ ക്യാപ്പിറ്റൽ	87,000.00	ഫർണീച്ചർ	4,050.00
തേയ്മാന ഫണ്ട്	4,050.00	സംഘത്തിന് കിട്ടുവാനുള്ളത്	5,87,035.00
ഫർണീച്ചർ നഷ്ടം	1,025.00	അറ്റ നഷ്ടം	1,08,937.50
സംഘം കൊടുക്കുവാനുള്ളത്	14,359.50		
അഫിലിയേഷൻ ഫീസ്	6,553.00		
കിട്ടാക്കടവും സംശയാസ്പദമായ കടവും	5,87,035.00		
ആകെ	7,00,022.50	ആകെ	7,00,022.50

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ടീ സംഘത്തിന്റെ ആസ്തി ബാധ്യതകൾ യഥാസമയം എഴുതി തള്ളിയും കണ്ടുകെട്ടിയതിനും ശേഷമുള്ള ആസ്തി ബാധ്യതകൾ താഴെ പറയും പ്രകാരമാണ്.

ബാധ്യത	തുക	ആസ്തി	തുക
ഇല്ല	.....	ഇല്ല	.....

ഇപ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

റാന്നി റേഞ്ച് കള്ള് ചെത്ത് തൊഴിലാളി സഹകരണ സംഘം (ക്ലിപ്തം) നമ്പർ പിറ്റി 176-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽ നിന്നു നീക്കംചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സഹകരണ ചട്ടം 74-ൽ നിഷ്കർഷിച്ചിരിക്കുന്ന വിധം ടി സംഘത്തിന്റെ റിക്കോർഡുകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീമതി ലളിതാംബികദേവി, വി. എസ്.)

നമ്പർ JRGPTA/1383/2025/AEL. 2025 ജൂൺ 3.

വിഷയം :—ആനിക്കാട് റബ്ബർ കർഷക സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 138 അന്തിമ സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ആഫീസിലെ 6-9-2018-ലെ എസ്.സി.റ്റി.എം.3747/2018-ാം നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 18-3-2023-ലെ എ.ഇ.എൽ. 2642/2020-ാം നമ്പർ ഉത്തരവ്.

(3) ലിക്വിഡേറ്ററുടെ 16-5-2025-ലെ 1-ാം നമ്പർ തീരുമാനം.

(4) ലിക്വിഡേറ്ററുടെ 28-5-2025-ലെ കത്ത്.

(5) മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാറുടെ 3-6-2025-ലെ ARGMPY/24/2024/UI(2)-ാം നമ്പർ കത്ത്.

മല്ലപ്പള്ളി താലൂക്കിലെ ആനിക്കാട് റബ്ബർ കർഷക സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ138-നെ ഈ ആഫീസിലെ സൂചന (1) ഉത്തരവ് പ്രകാരം സമാപ്തീകരണത്തിനായി മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എഴുമറ്റൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചിരുന്നു. ലിക്വിഡേറ്റർ 7-12-2018-ൽ ചാർജ്ജ് ഏറ്റെടുത്തിട്ടുണ്ട്. സംഘത്തിന്റെ അന്തിമപൊതുയോഗം 16-3-2022-ൽ വിളിച്ചുചേർത്തു ആസ്തിബാധ്യതകൾ എഴുതിത്തള്ളിയ ഉത്തരവ് അംഗീകരിക്കുകയും രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്റർ ചാർജ്ജ് ഏറ്റെടുത്ത തീയതിയിലെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, സമാപ്തീകരണം പൂർത്തീകരിക്കുന്നതിനുള്ള തീരുമാനം എന്നിവയും പൊതുയോഗം തീരുമാനമെടുത്ത് പാസ്സാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംഘത്തിന്റെ സമാപ്തീകരണം പൂർത്തീകരിച്ച് സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സൂചന (3), (4) പ്രകാരം മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്റർ തീരുമാനം എടുക്കുകയും സൂചന (5) പ്രകാരം മല്ലപ്പള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. സംഘത്തിന്റെ അന്തിമ സമാപ്തീകരണം നടത്തികൊണ്ടുള്ള ലിക്വിഡേറ്ററുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുത്ത തീയതിയിലെ ബാക്കിപത്രം താഴെ പറയും പ്രകാരമാണ്.

ബാധ്യത	തുക ₹	ആസ്തി	തുക ₹
Share Capital	2,820.00	Cash at Bank	59,567.40
Statutory Reserve Invested	2,413.48	Investment in Securities	500.00
Statutory Reserve uninvested	2,934.96	Reserve Fund	2,413.48
Building Fund	1,458.35	Furniture and Fittings	599.39
Common Good Fund	118.42	Other Funds	524.00
Depreciation Fund	599.39	Deficit Stock	281.45
Other Reserve	1,298.45	Advance Due to	14,114.74

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Education Fund	267.47		
Divident Not Claimed	114.00		
Establishment & Contingency	220.00		
Advance Due By	15,674.35		
Undistributed Profit	15,465.59		
Net Profit	34,616.00		
ആകെ	78,000.46	ആകെ	78,000.46

സംഘത്തിന് നിയമാനുസൃതം കിട്ടാനുള്ള മുതലുകൾ സമാഹരിക്കുന്നതിനും ബാധ്യതകൾ കൊടുത്തുതീർക്കുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. സംഘത്തിന് ഈടാക്കുവാൻ കഴിയാത്ത മുതലുകൾ എഴുതിത്തള്ളുന്നതിനും കൊടുത്തുതീർക്കാൻ കഴിയാത്ത ബാധ്യതകൾ കണ്ടുകെട്ടുന്നതിനും സൂചന (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ലിക്വിഡേഷൻ ചാർജ്ജ് ഇനത്തിൽ ₹ 10011.00 മല്ലപ്പള്ളി സബ്ട്രഷറി ആഫീസിൽ അടച്ചിട്ടുള്ളതും, ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം ലിക്വിഡേറ്ററുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മല്ലപ്പള്ളി ബ്രാഞ്ചിൽ ആരംഭിച്ച 40101010101007188 എന്ന നമ്പർ അക്കൗണ്ടിലേക്ക് അവശേഷിക്കുന്ന തുകയായ ₹ 52,066.41-ന്റെ വിനിയോഗം ചട്ടം 69(10)(1) പ്രകാരം മൂന്ന് വർഷ കാലയളവിലേക്ക് ലിക്വിഡേറ്ററുടെ പേരിൽ തന്നെയുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും, മൂന്ന് വർഷ കാലയളവിനുശേഷം കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റുന്നതിനും നിർദ്ദേശിക്കുന്നു.

സംഘത്തിന്റെ വരവ്-ചെലവ് കണക്ക്, ബാക്കി പത്രം എന്നിവ ചുവടെ ചേർക്കുന്നു.

വരവ് ചെലവ് കണക്ക്

വരവ്	തുക ₹	ചെലവ്	തുക ₹
Miscellaneous Income		Miscellaneous Expenses	
Interest on SB A/C 232	4,580.00	Stationery	180.00
Interest on SB A/C 7188	5,160.00	Liquidation Charges	10,011.00
Interest on Reserve Fund	178.00	Liquidation Expenses	2,077.00
Bank withdrawl		Transportation Charge	200.00
Anicad SCB SB A/C 232	59,567.40	Affiliation Fees	175.00
Kerala Bank-Reserve Bank	2,413.48	Education Fund	1,998.00
Kerala Bank Mallappally Branch	27,079.00	Professional Edu. Fund	1,730.00
Advance Due By		Member Relief Fund	3,462.00
Liquidator Advance	200.00	Bank Deposit	
		Kerala Bank-7188	79,144.88
		Advance Due By	
		Liquidator Advance	200.00
Total	99,177.88	Total	99,177.88
Opening Cash	0.00	Closing Cash Balance	0.00
Grand Total	99,177.88	Grand Total	99,177.88

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാക്കിപത്രം

ബാധ്യത	തുക ₹	ആസ്തി	തുക ₹
Share Capital	2,820.00	Cash at Bank	52,066.41
Statutory Reserve	10,540.44	Investment in Securities	500.00
Building Fund	1,458.35	Reserve Fund	524.00
Common Good Fund	118.42	Furniture and Fittings	599.39
Depreciation Fund	599.39	Deficit Stock	281.45
Other Reserve	1,298.45	Advance Due to	14,114.74
Divident Not Claimed	114.00	Net Loss for the Year	2,550.00
Establishment & Contingency	45.00		
Advance Due by	15,674.35		
Undistributed Profit	37,967.59		
ആകെ	78,000.46	ആകെ	78,000.46

ടി സംഘത്തിന്റെ ആസ്തി ബാധ്യതകൾ യഥാസമയം എഴുതി തള്ളിയും കണ്ടുകെട്ടിയതിനും ശേഷമുള്ള ആസ്തി ബാധ്യതകൾ താഴെ പറയും പ്രകാരമാണ്.

ബാധ്യതകൾ	തുക ₹	ആസ്തികൾ	തുക ₹
ഇല്ല	..	ഇല്ല	..

ഇപ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

മല്ലപ്പള്ളി താലൂക്കിലെ ആനിക്കാട് റബ്ബർ കർഷക സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 138-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സഹകരണ ചട്ടം 74-ൽ നിഷ്കർഷിച്ചിരിക്കുന്ന വിധം ടി സംഘത്തിന്റെ റിക്കോർഡുകൾ ലികിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം
(ഹാജർ: ശ്രീമതി ബിന്ദു, എസ്.)

നമ്പർ JRGPTA/1414/2025/AEL. 2025 സെപ്റ്റംബർ 3.

വിഷയം:— കോഴഞ്ചേരി പൗൾട്രി ബ്രീഡേഴ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ Q-245 അന്തിമ സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) ഈ ആഫീസിലെ 10-5-2018-ലെ എസ്.സി.റ്റി.എം./1259/18-ാം നമ്പർ ഉത്തരവ്.
(2) ഈ ആഫീസിലെ 25-10-2022-ലെ AEL 2387/2020-ാം നമ്പർ ഉത്തരവ്.
(3) ലിക്വിഡേറ്ററുടെ 31-5-2025-ലെ 1-ാം നമ്പർ തീരുമാനം.
(4) ലിക്വിഡേറ്ററുടെ 31-5-2025-ലെ കത്ത്.
(5) കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാറുടെ 1-6-2025-ലെ ARGKZY/531/2023-UI(2)-ാം നമ്പർ കത്ത്.

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കോഴഞ്ചേരി പൗൾട്രി ബ്രീഡേഴ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ Q-245-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69 (2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ബാദ്ധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയത് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ടുകെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സർക്കാർ ബാദ്ധ്യതകൾ ഒന്നും തീർക്കാൻ ഇല്ല. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം പരാമർശം (3), (4) പ്രകാരം കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ലിക്വിഡേറ്റർ തീരുമാനം എടുത്ത് അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച് കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ശുപാർശയും ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

കോഴഞ്ചേരി പൗൾട്രി ബ്രീഡേഴ്സ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ Q 245-ന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയശേഷം ലിക്വിഡേറ്ററുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ പത്തനംതിട്ട ബ്രാഞ്ചിൽ ആരംഭിച്ച 40011012100480 എന്ന നമ്പർ അക്കൗണ്ടിലേക്ക് അവശേഷിക്കുന്ന തുകയായ ₹ 97,895.88-യുടെ വിനിയോഗം ചട്ടം 69 (10)(1) പ്രകാരം മൂന്ന് വർഷ കാലയളവിലേക്ക് ലിക്വിഡേറ്ററുടെ പേരിൽ തന്നെയുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും മൂന്ന് വർഷ കാലയളവിനുശേഷം കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റുന്നതിനും ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണെന്ന് നിർദ്ദേശിക്കുന്നു.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, പത്തനംതിട്ട. (ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ UI(3)/271/2025. 2025 സെപ്റ്റംബർ 15.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 16-4-2025-ലെ JRGTVM/1327/2025 CRB (1)-ാം നമ്പർ ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1073-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ 2 മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരുവിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു കൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ/നെയ്യാറ്റിൻകര യൂണിറ്റ്
ഇൻസ്പെക്ടർ നെയ്യാറ്റിൻകര ലേബർ കോൺട്രാക്റ്റ്
സഹകരണസംഘം ക്ലിപ്തം നമ്പർ റ്റി 1073
നെയ്യാറ്റിൻകര യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, നെയ്യാറ്റിൻകര.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ UI(2)2012/2025. 2025 സെപ്റ്റംബർ 15.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-8-2025-ലെ JRGTVM/810/2025-AEL നമ്പർ ഉത്തരവ് പ്രകാരം ബാലരാമപുരം ഹെഡ്ലോഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 894-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി സംഘത്തിൽ നിന്നും എന്തെങ്കിലും തരത്തിലുള്ള ക്ലെയിം ലഭിക്കാനുണ്ടെങ്കിൽ ആയത് 15-9-2025 മുതൽ 2 മാസത്തിനകം നെയ്യാറ്റിൻകര സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ബാലരാമപുരം യൂണിറ്റ് ഇൻസ്പെക്ടറായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഏതൊരു വിധ ക്ലെയിമും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, നെയ്യാറ്റിൻകര.

(ഒപ്പ്)
ലിക്വിഡേറ്റർ/ബാലരാമപുരം യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGNTA/2855(2)/2024-UI(3). 2025 സെപ്റ്റംബർ 15.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 24-8-2025 തീയതിയിലെ JRGTVM/822/2025-AEL നമ്പർ ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1472-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ 2 മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം യാതൊരു വിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ/നെയ്യാറ്റിൻകര യൂണിറ്റ് ഇൻസ്പെക്ടർ
താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി
സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1472
നെയ്യാറ്റിൻകര യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, നെയ്യാറ്റിൻകര.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പത്തനംതിട്ട സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം
(ഹാജർ: ശ്രീമതി ബിന്ദു, എസ്.)

നമ്പർ JRGPTA/1410/2025-AEL. 2025 സെപ്റ്റംബർ 3.

വിഷയം :—കോന്നി ബ്ളോക്ക് വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT 16—അന്തിമ സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ഈ ആഫീസിലെ 24-6-2003-ലെ AEL 2636/02-ാം നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 22-2-2021-ലെ AEL 14/2021-ാം നമ്പർ ഉത്തരവ്.

(3) ലികിഡേറ്ററുടെ 3-8-2025-ലെ 1-ാം നമ്പർ തീരുമാനം.

(4) ലികിഡേറ്ററുടെ 14-8-2025-ലെ കത്ത്.

(5) കോന്നി അസിസ്റ്റന്റ് രജിസ്ട്രാറുടെ 19-8-2025-ലെ ARGKNI/83/2024-UI (2)-ാം നമ്പർ കത്ത്.

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ കോന്നി ആസ്ഥാനമാക്കി പ്രവർത്തന പരിധി കോന്നി ബ്ലോക്ക് ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കോന്നി ബ്ലോക്ക് വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT 16-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലികിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിക്കുകയും ചെയ്തു. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലികിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ബാദ്ധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും കണ്ടുകെട്ടുന്നതിനും ലികിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയത് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ടുകെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സർക്കാർ ബാദ്ധ്യതകൾ ഒന്നും തീർക്കാൻ ഇല്ല. അന്തിമ പൊതുയോഗം ലികിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3)-ന് വിധേയമായ റിപ്പോർട്ട് സഹിതം പരാമർശം (3), (4) പ്രകാരം കോന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ലികിഡേറ്റർ തീരുമാനം എടുത്ത് അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ച് കോന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ശുപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി താലൂക്കിൽ കോന്നി ആസ്ഥാനമാക്കി പ്രവർത്തന പരിധി കോന്നി ബ്ലോക്ക് ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കോന്നി ബ്ലോക്ക് വനിത സഹകരണ സംഘം (ക്ലിപ്തം) നമ്പർ PT 16-ന്റെ സമാപ്തീകരണ നടപടികൾ ലികിഡേറ്റർ പൂർത്തീകരിച്ചതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലികിഡേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിക്വിഡേറ്ററുടെ പേരിൽ പത്തനംതിട്ട ജില്ലാ സഹകരണ വകുപ്പ് ജീവനക്കാരുടെ സഹകരണ സംഘം പി.റ്റി.25-ൽ ആരംഭിച്ച SB 238 എന്ന നമ്പർ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയായ 6,040 രൂപയുടെ വിനിയോഗം ചട്ടം 69(10)(1) പ്രകാരം മൂന്ന് വർഷ കാലയളവിലേക്ക് ലിക്വിഡേറ്ററുടെ പേരിൽ തന്നെയുള്ള അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും മൂന്നു വർഷ കാലയളവിനു ശേഷം കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റുന്നതിനും ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണെന്ന് നിർദ്ദേശിക്കുന്നു.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: സുബിന, വി. കെ.)

നമ്പർ JRGALP/2327/2024/CRP(3)-1 2025 സെപ്റ്റംബർ 2.

വിഷയം :—സഹകരണ വകുപ്പ്—കുട്ടനാട് താലൂക്ക്, പള്ളിയറക്കാവ് സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 929—1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ 29-11-2024 തീയതിയിലെ ARGKND/531/2022-OI നമ്പർ കത്ത്.

(2) കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ 15-1-2025 തീയതിയിലെ ARGKND/531/2022-OI നമ്പർ കത്ത്.

(3) ഈ ആഫീസിൽ നിന്നും പുറപ്പെടുവിച്ച 26-4-2025 തീയതിയിലെ സഹകരണ നിയമം വകുപ്പ് 71(1) പ്രകാരമുള്ള JRGALP/2327/2024 CRP(3) നമ്പർ നോട്ടീസ്.

(4) കേരള സംസ്ഥാന സഹകരണ ബാങ്ക് ആലപ്പുഴ റീജിയണൽ മാനേജരുടെ 12-6-2025-ലെ KSCB/RO/ALP/CCMAR/1554/2025-26 നമ്പർ കത്ത്.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ പള്ളിയറക്കാവ് സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 929, 20-10-1992-ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 7-11-1992-ൽ പ്രവത്തനം ആരംഭിക്കുകയും ചെയ്ത ഒരു പ്രാഥമിക സഹകരണ സംഘമാണ്. നിലവിൽ സംഘം നിർജ്ജീവ അവസ്ഥയിൽ ആയതിനാലും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് അംഗങ്ങൾ ആരും തന്നെ മുന്നോട്ട് വരാത്ത സാഹചര്യത്തിലും സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തീരുമാനിച്ചു. സംഘം സമാപ്തീകരിക്കുന്നതിന് മുന്നോടിയായുള്ള സഹകരണ നിയമം വകുപ്പ് 66 പരിശോധന നടത്തുന്നതിന്, കുട്ടനാട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ സൂചന (1) ഉത്തരവ് പ്രകാരം എടത്വാ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന പൂർത്തിയാക്കി പരിശോധന റിപ്പോർട്ട് സൂചന(2) പ്രകാരം ഈ ആഫീസിൽ ലഭ്യമാക്കിയിരുന്നു.

മേൽ പരിശോധന റിപ്പോർട്ടിൽ സംഘത്തിൽ നിലവിൽ ഭരണസമിതി ഇല്ലായെന്നും സംഘം അഡ്മിനിസ്ട്രേറ്ററുടെ ഭരണനിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്നും സംഘത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനോ സംഘം പുനരുദ്ധരിക്കുന്നതിനോ നിർവ്വാഹമില്ലായെന്നും 2005-2006 സാമ്പത്തിക വർഷം വരെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളൂ എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി ആ ഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ഓഹരി മൂലധനം 6,81,200 രൂപയും അതിൽ കേരള സർക്കാർ ഓഹരിയായ 1,00,000 രൂപ കുടിശ്ശികയാണ്. സംഘത്തിൽ നിക്ഷേപമായി 3,15,604 രൂപ ബാക്കി നിൽപ്പുള്ളതും അംഗങ്ങൾക്ക് നൽകിയ വായ്പയിൽ 55,28,846 രൂപയും ICDP വായ്പയിൽ 24,000 രൂപ തിരിച്ചടയ്ക്കാൻ ബാക്കി നിൽപ്പുണ്ട്. സംഘം കേരള ബാങ്കിൽ നിന്നും കടം വാങ്ങിയ വായ്പയിൽ 1,57,52,656.19 രൂപയും ബാക്കി നിൽക്കുന്നു. സംഘത്തിന്റെ പേരിൽ കാവാലം വില്ലേജിൽ 4 സെന്റ് ഭൂമിയും അതിലുള്ള ആഫീസ് കെട്ടിടം മാത്രമാണ് ആസ്തിയായിട്ടുള്ളത്. വസ്തു സംബന്ധിച്ച രേഖകളൊന്നും അഡ്മിനിസ്ട്രേറ്ററുടെ പക്കൽ ഇല്ല. സംഘം ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാനോ പ്രവർത്തനം പുനരുദ്ധരിക്കുവാനോ യാതൊരു സാധ്യതയോ സാമ്പത്തിക ശേഷിയോ സംഘത്തിന് ഇല്ലായെന്നും പള്ളിയറക്കാവ് സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 929 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു കൊണ്ടാണ് പരിശോധനാറിപ്പോർട്ട് സമർപ്പിട്ടുള്ളത്.

തുടർന്ന് സംഘം പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്നുവെന്നും ഈ നടപടിയ്ക്കെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നിശ്ചിത സമയ പരിധിക്കുള്ളിൽ ബോധിപ്പിക്കണമെന്നും കാണിച്ച് സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം സൂചന (3) നോട്ടീസ് പുറപ്പെടുവിക്കുകയും ആയതിന് കേരള സംസ്ഥാന സഹകരണ ബാങ്ക് സൂചന (4) പ്രകാരം മറുപടി സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതനുസരിച്ച് മേൽ സംഘത്തിന്റെ പേരിൽ കേരള ബാങ്കിന്റെ കാവാലം ശാഖയിൽ 6 വായ്പാ അക്കൗണ്ടുകളിൽ 7-6-2025-ലെ കണക്കു പ്രകാരം 4,33,54,113.69 രൂപയും ഐ സി ഡി പി ഷെയർ ഇനത്തിൽ ഈടാക്കാനുള്ള 100,000 രൂപയും ചേർത്ത് ആകെ 43,45,41,113.69 രൂപ കേരളാബാങ്കിന് ഈടാക്കാൻ ബാക്കി നിൽക്കുന്നതായും ആയത് ബാങ്കിന് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സൂചന (4)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ഏത് ഉദ്ദേശലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിയാണോ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്, ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംഘം പരാജയപ്പെട്ടിരിക്കുന്നുവെന്നും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാദ്ധ്യതയുമില്ലായെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ടി സംഘം പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടികയിൽ തുടർന്ന് പോകേണ്ട ആവശ്യം ഇല്ലായെന്നും ഉത്തമബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കുട്ടനാട് താലൂക്കിൽ പള്ളിയറക്കാവ് സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ എ 929 -ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം സമാപ്തീകരിക്കുന്നതിനായി, ടി നിയമം വകുപ്പ് 72 പ്രകാരം കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എടത്വ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ എല്ലാവിധ മുതലുകളുടേയും റിക്കാർഡുകളുടേയും ചുമതല ലിക്വിഡേറ്റർ ഏറ്റെടുത്ത് വിവരം ഈ ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചാർജ്ജെടുക്കുന്ന തീയതിയിലെ വരവ് ചെലവ് കണക്കും ബാക്കി പത്രവും അയച്ചുതരേണ്ടതാണ്. ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73, ചട്ടം 69 (12) എന്നിവയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരമുള്ള സമയപരിധിക്കകം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ആലപ്പുഴ.

(ഒപ്പ്)
സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം
(ഹാജർ: സലിം. പി.പി.)

നമ്പർ JRGKTM/2249/2025/-AEL 2025 സെപ്റ്റംബർ 12.

വിഷയം :— സഹകരണ വകുപ്പ് -സമാപ്തീകരണം- കെ 1018 കോട്ടയം വനിത സഹകരണ സംഘം ക്ലിപ്തം - ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് -സംബന്ധിച്ച്

സൂചന:—(1) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ 7-7-2025-ലെ ARGKTM/792/2024-UI(6) നമ്പർ ഉത്തരവ്.

(2) അകലകുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ഗ്രൂപ്പ് സ്പെഷ്യൽ സെയിൽ ഓഫീസർ സമർപ്പിച്ച പരിശോധന റിപ്പോർട്ട്

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ 7-8-2025-ലെ ARGKTM/792/2024-UI(6) നമ്പർ കത്ത്.

കോട്ടയം താലൂക്കിലെ കോട്ടയം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിച്ച കെ 1018 കോട്ടയം വനിത സഹകരണസംഘം ക്ലിപ്തം വർഷങ്ങളായി പ്രവർത്തനരഹിതവും തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ടി സഹകരണ സംഘത്തിന്റെ സമാപ്തീകരണം നടത്തുന്നതിനായി കേരള സഹകരണ സംഘം നിയമം, വകുപ്പ് 66 പ്രകാരം വിശദ പരിശോധന നടത്തുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ അകലകുന്നം വില്ലേജ് സർവ്വീസ് സഹകരണബാങ്ക് ഗ്രൂപ്പ് സ്പെഷ്യൽ സെയിൽ ഓഫീസർ പരിശോധന ഉദ്യോഗസ്ഥനായി നിയമിച്ച് സൂചന (1) ഉത്തരവായിട്ടുള്ളതാണ്.

ടി സഹകരണ സംഘം വർഷങ്ങളായി തുറന്ന് പ്രവർത്തിക്കുന്നില്ലാത്തതും സംഘത്തിന്റെ ഭരണസമിതി തെരെഞ്ഞെടുപ്പ് നടത്തി ഭരണസമിതിക്ക് അധികാരം കൈമാറുന്നതിന് നടത്തിയ ശ്രമങ്ങൾ സാധ്യമായിട്ടില്ലാത്ത സാഹചര്യവുമാണെന്ന് പരിശോധന ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. സംഘത്തിൽ യാതൊരു പ്രവർത്തനവും നടക്കാതിരിക്കുകയും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കെ 1018 കോട്ടയം വനിത സഹകരണസംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം 71-ാം വകുപ്പ് പ്രകാരം സമാപ്തീകരിച്ച് ഉത്തരവാകുന്നു. കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിലെ പാമ്പാടി യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി സഹകരണ സംഘം നിയമം 72-ാം വകുപ്പ് പ്രകാരം നിയമിക്കുന്നു. ലിക്വഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ മുതലുകളുടേയും റിക്കാർഡുകളുടേയും ചാർജ്ജ് ഏറ്റെടുക്കേണ്ടതും ഈ ഉത്തരവ് തീയതി മുതൽ 60 ദിവസം കഴിയുന്ന മുറയ്ക്ക് ലിക്വിഡേഷൻ നടപടികൾ ആരംഭിക്കേണ്ടതും നിശ്ചിത സമയത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതി അറിയിക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടേയും റിക്കാർഡുകളുടേയും പട്ടിക, ഏറ്റെടുത്ത തീയതിയിലെ താൽക്കാലിക ബാക്കി പത്രം എന്നിവ സമർപ്പിക്കേണ്ടതും, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം (ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് രജിസ്ട്രാർ (ജനറൽ).
ആഫീസ്, കോട്ടയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇടുക്കി ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ JRGIDK/770/2022-AEL. 2025 സെപ്റ്റംബർ 18.

വിഷയം: സഹകരണ വകുപ്പ്—സമാപ്തീകരണം—ഐ. 372, ഉടുമ്പൻചോല താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കൺസ്യൂമർ സഹകരണ സംഘം—കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന: (1) ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 29-8-2014 തീയതിയിലെ സി. എസ്-4408/13 നമ്പർ ഉത്തരവ്.

(2) ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 14-8-2019 തീയതിയിലെ എ. ഇ. എൽ-2311/2019 നമ്പർ ഉത്തരവ്.

(3) ഇടുക്കി ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 8-9-2025 തീയതിയിലെ JRGIDK/770/2022-AEL നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 8-9-2025 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം.

(5) സംഘം ലിക്വിഡേറ്ററുടെ 9-9-2025 തീയതിയിലെ എ. 1068/2019 നമ്പർ നടപടിക്രമം.

(6) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി-ടെ 9-9-2025 തീയതിയിലെ എ.1068/2019 നമ്പർ കത്ത്.

ഐ. 372, ഉടുമ്പൻചോല താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കൺസ്യൂമർ സഹകരണ സംഘം പ്രവർത്തന രഹിതമായതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം സമാപ്തീകരണത്തിന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഇടുക്കി ഓഫീസിലെ എ-യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് സൂചന (1) പ്രകാരം ഉത്തരവായിരുന്നു. ലിക്വിഡേറ്റർ 17-10-2014 തീയതിയിൽ ചുമതലയേറ്റെടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിരുന്നു.

സൂചന (4), (5) എന്നിവ പ്രകാരം ലിക്വിഡേറ്റർ, സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കിയതായി അറിയിച്ചുകൊണ്ട്, കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ അപേക്ഷ സൂചന (6) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഇടുക്കി ശുപാർശ ചെയ്ത് ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഈടാക്കാൻ സാധിക്കാത്ത ആസ്തിയും കൊടുത്തുതീർക്കാനാകാത്ത ബാധ്യതയും എഴുതിത്തള്ളി സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഐ. 372, ഉടുമ്പൻചോല താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കൺസ്യൂമർ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ സകല രേഖകളും കേരള സഹകരണ നിയമം ചട്ടം 70 അനുശാസിക്കും വിധം 3 വർഷക്കാലം ലിക്വിഡേറ്റർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി ആയവ നശിപ്പിക്കാവുന്നതാണ്.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, ഇടുക്കി.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എറണാകുളം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: സുധീർ, കെ. വി.)

നമ്പർ സി.ആർ.ബി.-308/2025. 2025 സെപ്റ്റംബർ 11.

വിഷയം:—സഹകരണ വകുപ്പ്—ശ്രീശക്തി പേപ്പർ മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്ലിപ്തം നമ്പർ ഇ 1165 സമാപ്തീകരണവുമായി ബന്ധപ്പെട്ട് ലികിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) സ്പെഷ്യൽ സെയിൽ ഓഫീസർ ചേന്ദമംഗലം എസ് സി ബി ഗ്രൂപ്പ്-ന്റെ വകുപ്പ് 66 പ്രകാരമുള്ള പരിശോധന റിപ്പോർട്ട്.

(2) അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ നോർത്ത് പറവൂർ-ന്റെ 22-1-2025-ലെ 32/25 നമ്പർ കത്ത്.

1969-ലെ കേരള സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ശ്രീശക്തി പേപ്പർ മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്ലിപ്തം നമ്പർ ഇ 1165 വർഷങ്ങളായി പ്രവർത്തനരഹിതമായി പൂട്ടിക്കിടക്കുന്ന അവസ്ഥയിൽ സംഘത്തിന്റെ തുടർ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല എന്നും ടി സംഘത്തിലെ കാലഹരണപ്പെട്ട ഭരണസമിതിയിലെ അംഗങ്ങൾക്കും സംഘത്തിലെ മറ്റ് അംഗങ്ങൾക്കും സംഘത്തെ പുനരുദ്ധരിക്കുവാൻ താല്പര്യമില്ലാത്തതിനാൽ സംഘത്തിന് പുനരുജ്ജീവന സാധ്യത ഒരു തരത്തിലും സാധ്യമല്ല എന്നും ടി സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്നും പരാമർശം (1) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ച കാരണങ്ങളാൽ സംഘത്തിന്റെ പ്രവർത്തനം ഒരു വിധത്തിലും മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയില്ലെന്ന് എനിക്ക് ഉത്തമ ബോദ്ധ്യം വന്നിരിക്കുന്ന സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള പരിശോധന റിപ്പോർട്ട്, പരാമർശം (2) പ്രകാരമുള്ള അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നോർത്ത് പറവൂർ-ന്റെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ശ്രീശക്തി പേപ്പർ മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്ലിപ്തം നമ്പർ ഇ 1165 എന്ന സഹകരണ സംഘം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 ചട്ടം 69 പ്രകാരം സമാപ്തീകരിക്കുന്നതിനും സമാപ്തീകരണ നടപടികൾക്കായി വകുപ്പ് 72(1) പ്രകാരം നോർത്ത് പറവൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഏലൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലികിഡേറ്ററായി നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു. ലികിഡേറ്റർ ചുമതല ഏറ്റെടുത്ത വിവരം സമയബന്ധിതമായി ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് നിർദേശിക്കുന്നു.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ
ഓഫീസ്, എറണാകുളം.

(ഒപ്പ്)
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തൃശ്ശൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം
(ഹാജർ : ശ്രീമതി. ജൂബി, ടി. കുരിയാക്കോസ്)

(1)

നമ്പർ JRGTSR/3028/2025/AEL 1-K dis. 2025 ജൂൺ 27.

വിഷയം:— സഹകരണ വകുപ്പ്—തൃശ്ശൂർ ജില്ല മാർക്കറ്റിങ്ങ് ആന്റ് പ്രോസസിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ R 961—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ്—പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: — (1) തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 30-4-2025-ലെ കത്ത്.

(2) തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തൃശ്ശൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും തൃശ്ശൂർ സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക്-തൃശ്ശൂർ-റീജിയൺ-ജനറൽ മാനേജർ എന്നിവർക്ക് 13-6-2025-ന് നൽകിയ JRGTSR/3002/2025 AEL 1 നമ്പർ കത്ത്.

തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്കിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട തൃശ്ശൂർ ജില്ല മാർക്കറ്റിങ്ങ് ആന്റ് പ്രോസസിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ R 961 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് തൃശ്ശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. സംഘം വക റിക്കാർഡുകളെക്കുറിച്ചോ അംഗങ്ങളെ കുറിച്ചോ ഇൻവെസ്റ്റ്മെന്റുകളെയും ബാധ്യതകളെകുറിച്ചോ യാതൊരു വിവരവും ലഭ്യമല്ലായെന്നും വിവരങ്ങൾ കണ്ടെത്താൻ സാധിക്കാത്തതിനാൽ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറുന്നതിനും സാധ്യമല്ലെന്നും സംഘത്തിന്റെ സമാപ്തീകരണ നടപടികൾ സ്വീകരിക്കാമെന്നും വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

